LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടോട്ടിയിൽ ഫയർ സ്റ്റേഷൻ

82 (1834) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊണ്ടോട്ടിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികളും അത് എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

പുതുതായി തുറക്കുവാനുദ്ദേശിക്കുന്ന അഗ്നിശമന രക്ഷാനിലയങ്ങളുടെ മുൻഗണനാ പട്ടികയിൽ കൊണ്ടോട്ടിയെ മുപ്പത്താറാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിലയം ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലവും കെട്ടിടവും തദ്ദേശസ്വയംഭരണ സ്ഥാപനം ലഭ്യമാക്കിയിട്ടില്ല. സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിലും ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി കൈക്കൊള്ളുന്നതാണ്.

ഓയൂർ ഫയർ സ്റ്റേഷൻ അനുവദിക്കുവാൻ നടപടി

83 (1835) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെടുവത്തൂർ മണ്ഡലത്തിലെ ഓയൂരിൽ ഫയർ സ്റ്റേഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

ഏലൂരിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി

84 (1836) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ മണ്ഡലത്തിലെ ഏലൂരിൽ അനുവദിച്ച ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ എവിടെവരെയായി എന്നു വ്യക്തമാക്കുമോ ;

(ബി) ഈ പ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് അടിയന്തിരമായി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഏലൂരിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി നിലയം പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് നടപടി കൈക്കൊണ്ടുവരികയാണ്.